**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2382** **05-02-2026 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ കോതാട്-ചേന്നൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഗോശ്രീ ദ്വീപ് വികസന അതോറിറ്റിയുടെ (ജിഡയുടെ) ധനസഹായത്തോടെ നിർമ്മിക്കുന്നതും പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളതും കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിട്ടുള്ള കേസിൽ വിധി ഉണ്ടായിട്ടും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പരിഗണനയിലുള്ള വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമ പഞ്ചായത്തിലെ കോതാട്-ചേന്നൂർ പാലം നിർമ്മാണം സംബന്ധിച്ച ഫയലിൽ തീരുമാനം എടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**(1) 13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്.**<br><br>പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധനസഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല.<br><br>**(2) വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാക്കുന്നത്**<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോയ്ക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല.<br><br>**(3) ഭൂമിയുടെ ലഭ്യത**<br><br>കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി കടമക്കുടി വില്ലേജിൽ ആകെ ആവശ്യമുള്ളത് 65.19 ആർ സ്ഥലമാണ്. നിലവിൽ പാലം നിർമ്മാണത്തിനായി പ്രസ്തുത സ്ഥലത്തിന്റെ 83% ഭൂമി (53.78 ആർ സ്ഥലം) മറ്റു തടസ്സങ്ങളില്ലാതെ ലഭ്യമായിട്ടുള്ളതാണ്. ലഭ്യമായിട്ടുള്ള 53.78 ആർ |

| | | | |
|---|---|---|---|
| | | | സ്ഥലത്തിൽ 27.70 ആർ പൊതുമരാമത്ത് റോഡും. 5.90 ആർ വാട്ടർ മെട്രോ വക സ്ഥലവും, 13.87 ആർ സ്ഥലം പുഴ പുറമ്പോക്കും ആണ്. കൂടാതെ കോതാട് ഭാഗത്തെ ഉടമകൾ 6.31 ആർ സ്ഥലത്തിനു സമ്മത പത്രം ലഭ്യമാക്കിയിട്ടുണ്ട്.<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>കോതാട്-ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും ഈ വിഷയം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതു കൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. അവശേഷിക്കുന്ന ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | കോടതി വിധി വന്നിട്ടും ദിവസങ്ങളോളം ഫയൽ കെട്ടിക്കിടക്കുന്ന അവസ്ഥ പരിശോധിച്ച് പ്രസ്തുത ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കി പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി 41.14 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും, ഈ പാലത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൊതുമരാമത്തു വകുപ്പ് പാലം വിഭാഗം തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>(1) 13.78% സെന്റേജ് ചാർജ് ഒഴിവാക്കുന്നത്.</u>**<br><br>പൊതുമരാമത്തു വകുപ്പിന്റെ പദ്ധതിയ്ക്ക് ഗോശ്രീ ദ്വീപ് വികസന അതോറിറ്റി ധനസഹായം നൽകുന്നതിനാൽ സെന്റേജ് ചാർജ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| | | | **(2) വാട്ടർ മെട്രോയുടെ സ്ഥലം ലഭ്യമാക്കുന്നത്**<br><br>പാലത്തിന്റെ പില്ലറുകൾ വാട്ടർ മെട്രോയ്ക്ക് വേണ്ടി സർക്കാർ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ വരുന്നതിനാൽ പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട അനുമതി ഗതാഗത വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ആയത് ലഭ്യമായിട്ടില്ല.<br><br>**(3) ഭൂമിയുടെ ലഭ്യത**<br><br>കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിനായി കടമക്കുടി വില്ലേജിൽ ആകെ ആവശ്യമുള്ളത് 65.19 ആർ സ്ഥലമാണ്. നിലവിൽ പാലം നിർമ്മാണത്തിനായി പ്രസ്തുത സ്ഥലത്തിന്റെ 83% ഭൂമി (53.78 ആർ സ്ഥലം) മറ്റു തടസ്സങ്ങളില്ലാതെ ലഭ്യമായിട്ടുള്ളതാണ്. ലഭ്യമായിട്ടുള്ള 53.78 ആർ സ്ഥലത്തിൽ 27.70 ആർ പൊതുമരാമത്ത് റോഡും. 5.90 ആർ വാട്ടർ മെട്രോ വക സ്ഥലവും, 13.87 ആർ സ്ഥലം പുഴ പുറമ്പോക്കും ആണ്. കൂടാതെ കോതാട് ഭാഗത്തെ ഉടമകൾ 6.31 ആർ സ്ഥലത്തിനു സമ്മത പത്രം ലഭ്യമാക്കിയിട്ടുണ്ട്.<br><br>ചേന്നൂർ പ്രദേശത്തെ 6 ഭൂവുടമകൾ ഭൂമി വിട്ടു നൽകുന്നതിന് സമ്മതപത്രം നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം 100% ഭൂമിയും ലഭ്യമായി കഴിഞ്ഞ ശേഷം മാത്രമേ ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br><br>കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള ഭൂമി എൽ.എ. ആക്ട് പ്രകാരം ഏറ്റെടുക്കുന്നതിനായി 6(1), 4(1) നോട്ടിഫിക്കേഷനുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ ഭൂമിയുടെ ലഭ്യതക്ക് അനിശ്ചിതത്വം ഇല്ല എന്ന വസ്തുത കണക്കിലെടുത്തും ലഭ്യമായ സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ തുടങ്ങാൻ തടസ്സമില്ലാത്തതിനാലും ഈ വിഷയം സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതു കൊണ്ടും ലഭ്യമായ 83% ഭൂമി ഉപയോഗിച്ച് പാലത്തിന്റെ പണികൾ ആരംഭിക്കുന്നതിനുള്ള അനുമതി നൽകുന്ന വിഷയത്തിൽ പൊതുമരാമത്തു വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. അവശേഷിക്കുന്ന ഭൂമി കൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് എറണാകുളം ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ